**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5871**
**30.07.2015 ലെ മറുപടിയ്ക്ക്**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ആർ . സെൽവരാജ്<br>ശ്രീ.എം.എ. വാഹീദ്<br>ശ്രീ.പി.സി വിഷ്ണുനാഥ്<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | | **ശ്രീ.കെ.എം.മാണി**<br>ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| **എ** | ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പേര് മാറ്റിയിട്ടുണ്ടോ; വിശദമാക്കുമോ; | ഉണ്ട്. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പേര് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് എന്ന് മാറ്റി സർക്കാർ ഉത്തരവായിട്ടുണ്ട്. ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ ചുവടെ ചേർക്കുന്നു.<br>(1) സ.ഉ(കൈ) നം. 24/15/ധന, തീയതി 14.01.2015<br>(2) സ.ഉ(കൈ) നം. 103/15/ധന, തീയതി 28.02.2015<br>(3) എസ്.ആർ.ഒ. നം.368/2015, തീയതി 30/05/2015) |
| **ബി** | വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; | വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓഡിറ്റ് സംവിധാനം കമ്പ്യൂട്ടർവൽക്കരിച്ചു. അതിലേക്കായി എയിംസ് (ഓഡിറ്റ് ഇൻഫേർമേഷൻ മാനേജ്മെന്റ് സിസ്റ്റം) - സോഫ്റ്റ് വെയർ ഉപയോഗിച്ചുവരുന്നു.എയിംസ് സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിലേക്കായി വകുപ്പിലെ മുഴുവൻ ജീവനക്കാർക്കും പ്രത്യേക പരിശീലനം നൽകിക്കഴിഞ്ഞു.<br>ഓഡിറ്റ് റിപ്പോർട്ടുകൾ, പുറപ്പെടുവിക്കുന്ന ദിവസം തന്നെ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് വഴി പൊതുജനങ്ങൾക്ക് ലഭ്യമാകുന്നു. 2009-10 മുതലുള്ള എല്ലാ ഓഡിറ്റ് റിപ്പോർട്ടുകളും ഡിജിറ്റൈസ് ചെയ്തു സൂക്ഷിച്ചിട്ടുണ്ട്. ഫയലുകൾ കൈകാര്യം ചെയ്യുന്നതിലെ കൃത്യതയും സൂക്ഷമതയും ഉറപ്പു വരുത്തുന്നതിനും സമയബന്ധിതമായി തന്നെ ഫയലുകൾ തീർപ്പാക്കുന്നതിനും ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് കഴിഞ്ഞു. വകുപ്പിന് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ച് വരുകയാണ്.<br>വകുപ്പിലേക്ക് പുതുതായി എത്തിച്ചേരുന്ന ജീവനക്കാരുടെ കാര്യശേഷി ഉയർത്തുന്നതിലേയ്ക്കായി 4-മാസത്തെ |

| | | |
|---|---|---|
| | | നിർബന്ധിത പരിശീലന പരിപാടി നടത്തിവരുന്നു. ഓഡിറ്റർ മുതൽ ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) വരെയുള്ള മുഴുവൻ ജീവനക്കാർക്കും കൺഫർമേഷൻ നൽകി കഴിഞ്ഞു. ജില്ലാ ഓഫീസ് തലവന്മാർക്ക് ഔദ്യോഗിക യാത്രകൾക്കായി വാഹനങ്ങൾ അനുവദിക്കുകയും ഡയറക്ടറേറ്റ് നവീകരിക്കുകയും ചെയ്തതിലൂടെ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായിട്ടുണ്ട്. 2011-2012 - ന് ശേഷം പുറപ്പെടുവിച്ച സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രവർത്തന ക്ഷമതാ റിപ്പോർട്ടുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| **സി** | ആഡിറ്റുകൾ സമകാലീനമാക്കാൻ എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്തുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഓഡിറ്റുകൾ സമകാലീനമാക്കുവാൻ എയിംസ് സോഫ്റ്റ് വെയർ രണ്ടും മൂന്നും ഘട്ടങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഇതിലൂടെ ഓഡിറ്റ് കുടിശ്ശികകളുടെ കൃത്യമായ വിവരം വകുപ്പ് മേധാവിക്ക് ലഭ്യമാകുന്നു. ഓഡിറ്റ് ഓഫീസർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ എന്നീ വിഭാഗങ്ങളിലെ ജീവനക്കാർക്ക് 270 ലാപ് ടോപ്പ് ലഭ്യമാക്കി.<br>നിലവിലുള്ള ഓഡിറ്റ് കുടിശ്ശിക ദ്രുതഗതിയിൽ തീർപ്പാക്കുന്നതിനായി മേഖലാടിസ്ഥാനത്തിൽ ഓഫീസ് തലവൻമാരുടെ മീറ്റിംഗുകൾ ഡയറക്ടറുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ഓഡിറ്റ് റിപ്പോർട്ടുകൾ മലയാളത്തിൽ സമയബന്ധിതമായി തയ്യാറാക്കുന്നതിന് വകുപ്പിലെ മുഴുവൻ ജീവനക്കാർക്കും മലയാളം ടൈപ്പിംഗ് പരിശീലനം നൽകി വരുന്നു. ഇതിലൂടെ ഓഡിറ്റ് പ്രക്രിയ കൂടുതൽ കാര്യക്ഷമമാക്കാനും കുടിശ്ശിക ഒഴിവാക്കി സമകാലീനമാക്കാനും സാധിക്കും.<br>മറ്റു സംസ്ഥാനങ്ങളിലെ ഓഡിറ്റ് വകുപ്പുകളുമായി ആശയങ്ങൾ കൈമാറുന്നതിനും ഓഡിറ്റ് പ്രക്രിയയിലെ നൂതന രീതികളെ പറ്റി ചർച്ച ചെയ്യുന്നതിനും, വിവിധ സംസ്ഥാനങ്ങളിലെ ഓഡിറ്റ് വകുപ്പിലെ പ്രതിനിധികളെ പങ്കെടുപ്പിച്ചു കൊണ്ട് നവംബർ മാസത്തിൽ തിരുവനന്തപുരത്ത് വച്ച് ദേശീയ സെമിനാർ നടത്തുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ